# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4975 22.05.2017-ൽ മറുപടിക്ക്

### പ്ലസ് വൺ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.വി.ടി.ബൽറാം** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിന് നിശ്ചയിച്ചിരിക്കുന്ന സമയക്രമം വ്യക്തമാക്കാമോ? | (എ) ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിനുള്ള സമയക്രമം അനുബന്ധമായി ചേർക്കുന്നു. |
| (ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ പത്താം ക്ലാസ്സ് പരീക്ഷയുടെ റിസൾട്ട് വൈകുന്നത് കാരണം ഈ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സമയക്രമത്തിനകം പ്ലസ് വൺ പ്രവേശനം നേടാൻ കഴിയുകയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ഇതുസംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഈ വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് വഴി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സമയക്രമത്തിനകം പ്ലസ് വൺ പ്രവേശനം നേടുന്നതിന് അവസരമുണ്ട്. |
| (സി) ഇക്കാര്യം പരിഗണിച്ച് നിലവിൽ നിശ്ചയച്ചിരിക്കുന്ന സമയക്രമം പുന:ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) 2017-18 അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനത്തിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സമയക്രമം പുനഃക്രമീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഏകജാലക പ്രവേശനത്തിന്റെ മുഖ്യ അലോട്ട്മെന്റിലേക്ക് അപേക്ഷിക്കുവാനുള്ള സമയം ദീർഘിപ്പിക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ടി വിധിയ്ക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിക്കുവാൻ തീരുമാനിച്ച് അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളിലെ വിധിയ്ക്കനുസരിച്ച് സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**

**അനുബന്ധം**

**മെരിറ്റ് ക്വാട്ട (ഏകജാലക പ്രവേശനം)**

**1. മുഖ്യഘട്ടം.**

| | |
|---|---|
| അപേക്ഷകൾ ഓൺലൈനായി സമർപ്പിച്ചു തുടങ്ങുന്ന തീയതി | : 08.05.2017 |
| അപേക്ഷകൾ സ്വീകരിക്കേണ്ട അവസാന തീയതി | : 22.05.2017 |
| ട്രയൽ അലോട്ട്മെന്റ് തീയതി | : 29.05.2017 |
| ആദ്യ അലോട്ട്മെന്റ് തീയതി | : 05.06.2017 |
| മുഖ്യ അലോട്ട്മെന്റ് അവസാനിക്കുന്ന തീയതി | : 13.06.2017 |
| ക്ലാസുകൾ തുടങ്ങുന്ന തീയതി | : 14.06.2017 |

**2. സപ്ലിമെന്ററി ഘട്ടം**

**21.06.2017 മുതൽ 21.07.2016 വരെ**

| | |
|---|---|
| അഡ്മിഷൻ അവസാനിക്കാനുള്ള തീയതി | : 22.07.2017 |

**സ്പോർട്സ് ക്വാട്ട അഡ്മിഷൻ**

**1. മുഖ്യഘട്ടം**

| | |
|---|---|
| സ്പോർട്സ് മികവ് രജിസ്ട്രേഷനും വെരിഫിക്കേഷനും | : 08.05.2017 മുതൽ 18.05.2017 വരെ |
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : 19.05.2017 |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | : 30.05.2017 |
| സ്പോർട്സ് ക്വാട്ട മുഖ്യഘട്ട ഒന്നാം അലോട്ട്മെന്റ് തീയതി | : 06.06.2017 |
| സ്പോർട്സ് ക്വാട്ട മുഖ്യഘട്ട അവസാന അലോട്ട്മെന്റ് തീയതി | : 12.06.2017 |

**2. സപ്ലിമെന്ററി ഘട്ടം**

| | |
|---|---|
| സ്പോർട്സ് മികവ് രജിസ്ട്രേഷനും വെരിഫിക്കേഷനും | : 01.06.2017 മുതൽ 14.06.2017 |
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : 15.06.2017 |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | : 21.06.2017 |
| സ്പോർട്സ് ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റ് തീയതി | : 28.06.2017 |
| സ്പോർട്സ് ക്വാട്ട അവസാന പ്രവേശന തീയതി | : 29.06.2017 |

**മാനേജ്മെന്റ്/അൺ-എയ്ഡഡ് ക്വാട്ട അഡ്മിഷൻ**

**1. മുഖ്യഘട്ടം**

| | |
|---|---|
| പ്രവേശനം ആരംഭിക്കുന്ന തീയതി | : 07.06.2017 |
| പ്രവേശനം അവസാനിപ്പിക്കുന്ന തീയതി | : 12.06.2017 |
| പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ | : 07.06.2017 മുതൽ 12.06.2017 വരെ |

**2. സപ്ലിമെന്ററി ഘട്ടം**

| | |
|---|---|
| പ്രവേശനം ആരംഭിക്കുന്ന തീയതി | : 26.06.2017 |
| പ്രവേശനം അവസാനിപ്പിക്കുന്ന തീയതി | : 12.07.2017 |
| പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ | : 26.06.2017 മുതൽ 12.07.2017 വരെ |

**സെക്ഷൻ ഓഫീസർ**